ബി1/107213/2019/റ്റിസി

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്
2–ാം നില, ട്രാൻസ് ടവേഴ്സ്,
വഴുതക്കാട്, തിരുവനന്തപുരം – 14
ഇ–മെയിൽ tcoffice.mvd@kerala.gov.in
ടെലഫോൺ – 0471 2333317/37
ഫാക്സ് – 0471 2333314
തീയതി: 04.05.2020

## സർക്കുലർ നമ്പർ 9/2020

**വിഷയം:** മോ.വാ.വ – ബഡ്ജറ്റിലെ നികുതി സംബന്ധമായ വിഷയങ്ങൾ – കേരള ഫൈനാൻസ് ബിൽ 2020 സംബന്ധിച്ചും കൊറോണ (ലോക്ക് ഡൗൺ) കാലത്ത് നൽകിയ വിവിധ ഉത്തരവുകൾ സംബന്ധിച്ചും – നിർദ്ദേശങ്ങൾ നൽകുന്നത് – സംബന്ധിച്ച്.

**സൂചന:** 1) 2020–ലെ കേരള ഫൈനാൻസ് ബിൽ
2) 22.04.2020 ലെ G.O (P) No21/2020/TRANS (SRO No.284/2020) എന്ന ഉത്തരവ്.
3) 23.03.2020 ലെ G.O (P) No14/2020/TRANS (SRO No.252/2020) എന്ന ഉത്തരവ്.

******

2020–21–ലെ ബഡ്ജറ്റിൽ നിർദ്ദേശിച്ച മോട്ടോർ വാഹന ടാക്സേഷൻ നിയമങ്ങളുമായി ബന്ധപ്പെട്ട് സൂചന പ്രകാരം ഉത്തരവായിട്ടുള്ള നികുതി പരിഷ്കാരങ്ങൾ 01.04.2020 മുതൽ പ്രാബല്യത്തിൽ വരുകയാണ്. സൂചനകൾ പ്രകാരമുള്ള ഫൈനാൻസ് ബില്ലിന്റേയും ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ കൂടി നൽകുകയാണ്.

1. വാഹനങ്ങൾ വാങ്ങൽ വിലയിൽ TCS ഉൾപ്പെടുത്തുവാൻ പാടുള്ളതല്ല. പരിവാഹൻ സൈറ്റിലെ ഹോമോലോഗേഷൻ പോർട്ടലിൽ വാഹന നിർമ്മാതാവ് നൽകുന്ന വില കൂടുതലാണെങ്കിൽ പ്രസ്തുത വിലയായിരിക്കണം വാഹന വില എന്ന തരത്തിൽ വാഹനത്തിന്റെ വാങ്ങൽ വില (Purchase value) ടാക്സേഷൻ ആക്ടിലെ Section 2(e) പ്രകാരം പുനർ നിർവ്വചിച്ചിട്ടുണ്ട് (Finance Bill).

2. വാഹന ഡീലർ /നിർമ്മാതാവ് Demonstration ആവശ്യങ്ങൾക്കായി വാഹനം ഉപയോഗിക്കുന്നുവെങ്കിൽ വാഹനം രജിസ്റ്റർ ചെയ്യാതെ തന്നെ പ്രസ്തുത വാഹനത്തിന്റെ ഒറ്റത്തവണ നികുതിയുടെ 1/15 ഭാഗം പരമാവധി ഓരോ വർഷത്തേക്കും നികുതിയായി സ്വീകരിക്കണമെന്ന് നിഷ്കർഷിച്ചുകൊണ്ട് ടാക്സേഷൻ നിയമത്തിലെ സെക്ഷൻ 3(7A) പ്രകാരം ഭേദഗതി വരുത്തിയിട്ടുണ്ട്. ടി വാഹനം രജിസ്റ്റർ ചെയ്യുന്ന തീയതി മുതൽ 15 വർഷത്തേക്ക് വീണ്ടും വാഹനത്തിന് ഒറ്റത്തവണ നികുതി സ്വീകരിക്കേണ്ടതാണ് (Finance Bill).

3. ഫ്ളോർ ഏരിയയുടെ (തറ വിസ്തീർണ്ണം) അടിസ്ഥാനത്തിൽ നികുതി ഈടാക്കുന്ന സ്റ്റേജ് കാര്യേജുകളുടെ നികുതിയിൽ 10 ശതമാനവും 20 ടണ്ണിന് മുകളിൽ RLW ഉള്ള ടിപ്പർ അല്ലാത്ത ചരക്ക വാഹനങ്ങളുടെ നികുതിയിൽ 25 ശതമാനവും കുറവു വരുത്തിയിട്ടുണ്ട് (Finance Bill).

4. സർക്കാർ / എയ്ഡഡ് മേഖലയിലുള്ള Educational Institution ബസ്സുകളുടെ നിലവിലുള്ള നികുതി തുടരും. എന്നാൽ സ്വകാര്യ മേഖലയിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പേരിലുള്ള Educational Institution ബസ്സുകളുടെ ത്രൈമാസ നികുതി അവയുടെ സീറ്റിന്റെ അടിസ്ഥാനത്തിൽ പുനർ നിർണയിച്ചിട്ടുണ്ട് (Finance Bill). ഇത്തരം വാഹനങ്ങൾക്ക് വാഹനിലൂടെ തരംതിരിച്ച് എൻഡോഴ്സ്മെന്റ് നൽകേണ്ടതാണ്.

5. പുതുതായി വാങ്ങുന്ന ഇലക്ട്രിക് അല്ലാത്ത ഓട്ടോറിക്ഷകളുടെ 5 വർഷത്തെ Lumpsum നികുതി 2000/- രൂപയിൽ നിന്നും 2500/- രൂപയായി ഉയർത്തിയിട്ടുണ്ട് (Finance Bill). എന്നാൽ പുതിയ ഇലക്ട്രിക് ഓട്ടോറിക്ഷകൾക്ക് രജിസ്റ്റർ ചെയ്യുന്ന തീയതി മുതൽ ആദ്യ 5 വർഷത്തേക്ക് സൂചന (2) പ്രകാരം നികുതി ഒഴിവാക്കിയിട്ടുണ്ട്. അതുപോലെ തന്നെ ഇലക്ട്രിക് വാഹനങ്ങളായ Motor Cycle, Motor Car, PSV for personal use, സ്വകാര്യ ആവശ്യത്തിന് ഉപയോഗിക്കുന്ന മുച്ചക്ര വാഹങ്ങൾ എന്നിവയുടെ ഒറ്റത്തവണ നികുതി 5% ആയി കുറച്ചിട്ടുണ്ട് (Finance Bill).

6. 2 ലക്ഷം രൂപാ വരെ വില വരുന്ന മോട്ടോർ സൈക്കിളുകളുടെ ഒറ്റത്തവണ നികുതിയിൽ 1 ശതമാനവും 15 ലക്ഷം വരെ വില വരുന്ന മോട്ടോർ കാറുകൾ, സ്വകാര്യ ആവശ്യത്തിന് ഉപയോഗിക്കുന്ന പ്രൈവറ്റ് സർവ്വീസ് വാഹനങ്ങൾ എന്നിവയുടെ ഒറ്റത്തണ നികുതിയിൽ 2 ശതമാനവും സ്വകാര്യ ആവശ്യത്തിന് ഉപയോഗിക്കുന്ന മുച്ചക്ര വാഹനങ്ങളുടെയും കൺസ്ട്രക്ഷൻ എകിപ്മെന്റ് വാഹനങ്ങളുടെയും ഒറ്റത്തവണ നികുതിയിൽ 2 ശതമാനവും വർദ്ധനവ് വരുത്തിയിട്ടുണ്ട് (Finance Bill). 01.04.2020 മുതൽ താൽക്കാലിക രജിസ്ട്രേഷൻ എടുക്കുന്ന എല്ലാ വാഹനങ്ങൾക്കും പുതിയ നിരക്കിൽ നികുതി അടയ്ക്കേണ്ടതായിട്ടുണ്ട്. എന്നാൽ 01.04.2020-ന് മുൻപ് താൽക്കാലിക രജിസ്ട്രേഷൻ എടുത്ത് നികുതി അടച്ച മേൽത്തരം വാഹനങ്ങൾ 01.04.2020 മുതൽ രജിസ്ട്രേഷന് ഹാജരാക്കിയാൽ പുതിയ നികുതി നിരക്ക് ബാധകമാവുകയില്ല (SRO No. 258/2020).

7. അന്യ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള വാഹനം NOC എടുത്ത് സംസ്ഥാനത്തേക്ക് കൊണ്ടുവരുമ്പോൾ NOC തീയതിയുടെ അടുത്ത Quarter മുതൽ ടാക്സേഷൻ നിയമത്തിലെ Annexure I, Table എന്നിവ പ്രകാരം നികുതി ഈടാക്കേണ്ടതാണ്. എന്നാൽ അന്യ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത് ഒരു സ്വകാര്യ

വാഹനം സ്ഥിരമായി കേരളത്തിലും വാഹനം രജിസ്റ്റർ ചെയ്ത സംസ്ഥാനത്തും ഉപയോഗിക്കുകയാണെങ്കിൽ വാഹന ഉടമയുടെ അപേക്ഷ പ്രകാരം NOC എടുക്കാതെയും രജിസ്ട്രേഷൻ മാറാതെയും കേരളത്തിലെ നികുതി അടച്ച് സംസ്ഥനത്ത് സർവ്വീസ് അനുവദിക്കാവുന്നതാണ്.

8. സൂചന (3) പ്രകാരം സർക്കാർ വീണ്ടും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിച്ചിരിക്കുകയാണ്. 31.03.2020-ൽ 4 വർഷം കുടിശ്ശിക ഉള്ള വാഹനങ്ങൾക്കാണ് ഇപ്രാവശ്യം ഒറ്റത്തവണ തീർപ്പാക്കൽ സൗകര്യമുള്ളത്. 01.04.2016-ന് ശേഷം നികുതി അടയ്ക്കാത്ത ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് അവസാനത്തെ 4 വർഷത്തെ നികുതിയുടെ 30 ശതമാനവും നോൺ ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് 40 ശതമാനവും അടച്ച് മറ്റ് നിയമ നടപടികളിൽ നിന്നും ഒഴിവാകാം. സർക്കുലർ 30/2016 പ്രകാരമുള്ള മറ്റ് നിർദ്ദേശങ്ങൾ ടി വാഹനങ്ങൾക്കും ബാധകമാണ്.

2020-21-ലെ ബഡ്ജറ്റ് പ്രസംഗത്തിലെ മോട്ടോർ വാഹന വകുപ്പുമായി ബന്ധപ്പെട്ട മറ്റ് വിഷയങ്ങളിൽ നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിനനുസരിച്ച് നിർദ്ദേശങ്ങൾ നൽകുന്നതാണ്.

കോവിഡ്-19 മായി ബന്ധപ്പെട്ട് വാഹന ഉടമകൾക്ക് നൽകിയ ഇളവുകൾ സംബന്ധിച്ച് മോട്ടോർ വാഹന വകുപ്പ് ഇറക്കിയ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

(a) 31.03.2020-ൽ അവസാനിക്കുന്ന ക്വാർട്ടറിലെ നികുതി അടയ്ക്കുന്നതിന് സ്റ്റേജ് കാര്യേജുകൾക്ക് 30.04.2020 വരെ സമയം നീട്ടി നൽകിയിട്ടുണ്ട് (SRO No.274/2020).

(b) 30.06.2020 വരെയുള്ള ക്വാർട്ടറിലെ നികുതി അടയ്ക്കുന്നതിന് എല്ലാത്തരം വാഹനങ്ങളുടെയും ഗ്രേസ് പിരീയഡ് 15.06.2020 വരെ നീട്ടിയിട്ടുണ്ട് (SRO No. 294/2020).

(c) 30.06.2020 ക്വാർട്ടറിലെ സ്റ്റേജ് കാര്യേജുകളുടെ 1/3 ഭാഗം നികുതി ഇളവ് അനുവദിച്ചിട്ടുണ്ട് (SRO No.253/2020). ഈ ക്വാർട്ടറിലെ കോൺട്രാക്ട് കാര്യേജുകളുടെ നികുതിയിൽ 20% (1/5) നികുതി ഇളവും അനുവദിച്ചിട്ടുണ്ട് (SRO No.251/2020). മേൽ വാഹനങ്ങൾ ഏപ്രിൽ മാസം ജി-ഫോം വഴി Exemption അനുവദിക്കുകയാണെങ്കിൽ ബാക്കി രണ്ടു മാസത്തെ നികുതിയുടെ 1/3 അല്ലെങ്കിൽ 1/5 എന്ന നിരക്കിൽ മാത്രമെ നികുതി ഈടാക്കുവാൻ പാടുള്ളൂ. അതുപോലെ 2020 ഏപ്രിൽ, മെയ് മാസങ്ങളിലേക്ക് സ്റ്റേജ് കാര്യേജ്, കോൺട്രാക്ട് കാര്യേജ് വാഹനങ്ങൾക്ക് ജി-ഫോം നികുതിയിളവ് അനുവദിക്കുകയാണെങ്കിൽ ജൂൺ മാസത്തെ നികുതിയുടെ 1/3 അല്ലെങ്കിൽ 1/5 എന്ന നിരക്കിൽ മാത്രമാണ് നികുതി ഈടാക്കേണ്ടത്.

(d) 01.04.2020 മുതലുള്ള കാലയളവിലേക്കുള്ള G Form ഫയൽ ചെയ്യുന്നതിന് 30.04.2020 വരെ സമയം അനുവദിച്ചിട്ടുണ്ട് (SRO No.258/2020).

(ഒപ്പ്)
ട്രാൻസ്പോർട്ട് കമ്മീഷണർ

**സ്വീകർത്താവ്:**

ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർ
റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ
റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ (എൻഫോഴ്സ്മെന്റ്)
ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ
മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാർ (ചെക്ക് പോസ്റ്റുകൾ)

ട്രാൻസ്പോർട്ട് കമ്മീഷണർ, ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ & സെക്രട്ടറി എസ്.ടി.എ, ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ (എൻഫോഴ്സ്മെന്റ്), സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ (നികുതി), സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, സീനിയർ ഫിനാൻസ് ഓഫീസർ, സീനിയർ ലോ ഓഫീസർ എന്നിവരുടെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാർ

**പകർപ്പ്:**

നോഡൽ ഓഫീസർ, എസ്.എസ്.ജി – സോഫ്റ്റ്‌വെയറിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുവാനും വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുമായി.

അംഗീകാരത്തോടെ

സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ
(നികുതി) (അഡീഷണൽ ചാർജ്)

നമ്പർ.ബി1/107213/റ്റി.സി/2019

**ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,**

രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തൈക്കാട് പി.ഒ തിരുവനന്തപുരം - 14,

[☎0471-2333337/2333317 ഫാക്സ് 0471-2333314]

www.mvd.kerala.gov.in [ഇ-മെയിൽ - tcoffice@keralamvd.gov.in]

**തീയതി, 08.05.2020**

പ്രേഷകൻ,

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ്,

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും,
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും,
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും,

സർ,

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** — ബഡ്ജറ്റിലെ നികുതി സംബന്ധമായ വിഷയങ്ങൾ - കേരളാ ഫൈനാൻസ് ബിൽ 2020 സംബന്ധിച്ചും, കൊറോണ (ലോക്ക് ഡൗൺ) കാലത്ത് നൽകിയ വിവിധ ഉത്തരവുകൾ സംബന്ധിച്ച സർക്കുലറിൽ സ്പഷ്ടീകരണം നൽകുന്നത് - സംബന്ധിച്ച്.

സൂചന :- സർക്കുലർ 9/2020.

സൂചന പ്രകാരമുള്ള സർക്കുലറിലെ 3-ാം പേജിലെ (c) എന്ന ഖണ്ഡികയിലെ മൂന്നും നാലും വാക്യങ്ങൾ താഴെപറയും പ്രകാരം വ്യക്തത വരുത്തുന്നു.

"സ്റ്റേജ് ക്യാരേജ് /കോൺട്രാക്റ്റ് ക്യാരേജ് വാഹനങ്ങൾക്ക് ഏപ്രിൽ മാസത്തെ നികുതി ജി.ഫോം വഴി ഒഴിവാക്കി കൊടുത്തിട്ടുണ്ടെങ്കിൽ അവയ്ക്ക് മെയ്, ജൂൺ മാസങ്ങളിലെ നികുതി മാത്രം കണക്കാക്കി അതിൽ നിന്നും സ്റ്റേജ് ക്യാരേജിന് 1/3 ഭാഗം നികുതിയും, കോൺട്രാക്റ്റ് ക്യാരേജിനു 1/5 ഭാഗം (20%) നികുതിയും ഒഴിവാക്കി ബാക്കി നികുതി മാത്രമേ ഈടാക്കുവാൻ പാടുള്ളൂ. അതുപോലെ 2020 ഏപ്രിൽ, മെയ് മാസങ്ങളിലേയ്ക്ക് വാഹനങ്ങൾക്ക് ജി.ഫോം നികുതിയിളവ് അനുവദിക്കുകയാണെങ്കിൽ ജൂൺ മാസത്തെ മാത്രം നികുതി കണക്കാക്കി അതിൽ നിന്നും സ്റ്റേജ് ക്യാരേജിനു 1/3 ഭാഗം നികുതിയും, കോൺട്രാക്റ്റ് ക്യാരേജിനു 1/5 ഭാഗം നികുതിയും ഒഴിവാക്കി ബാക്കി നികുതി മാത്രമേ ഈടാക്കുവാൻ പാടുള്ളൂ."

വിശ്വസ്തതയോടെ,
(ഒപ്പ് -)
ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ &
സെക്രട്ടറി എസ്.റ്റി.എ

അംഗീകാരത്തോടെ,

സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ(ഇൻ ചാർജ്ജ്)
(നികുതി)

e - 131249/2020 B1

©
കേരള സർക്കാർ
Government of Kerala
2020

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KI/TV(N)/634/2018-20

B1

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

TRANSPORT COMMISSIONERATE
KERALA
RECEIVED ON
25 MAY 2020
INWARD No

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 9 Vol. IX | തിരുവനന്തപുരം, വെള്ളി Thiruvananthapuram, Friday | 2020 മേയ് 22 22nd May 2020 1195 ഇടവം 8 8th Idavam 1195 1942 ജ്യേഷ്ഠം 1 1st Jyaishta 1942 | നമ്പർ No. 1247 |

GOVERNMENT OF KERALA
Transport (B) Department

## NOTIFICATION

*G.O.(P) No.27/2020/Tran.* Dated, Thiruvananthapuram 21st May, 2020

**S. R. O. No. 339/2020**

In exercise of the powers conferred by section 22 of the Kerala Motor Vehicles Taxation Act, 1976 (19 of 1976), and in supersession of the notification issued under G.O.(P).No. 15/2020/Tran dated 25th March, 2020 and published as S.R.O. No. 253/2020 in the Kerala Gazette Extraordinary No. 1007 dated 31st March, 2020, the

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Government of Kerala, being satisfied that it is necessary in the public interest so to do, hereby exempt the tax payable under the said Act in respect of the stage cariages for the quarter commencing from the 1st day of April, 2020.

By order of the Governor,

**K.R.JYOTHILAL**

***Principal Secretary to Government.***

### Explanatory Note

(This does not form part of the notification, but is intended to indicate its general purport.)

Government had allowed a tax concession of 1/3 of the quarterly tax payable for the quarter commencing from the 1st day of April, 2020 in respect of the stage carriages as per notification issued under G.O. (P) No. 15/2020/Tran dated 25th March, 2020 and published as S.R.O. No. 253/2020 in the Kerala Gazette Extraordinary dated 31st March, 2020. Now as per the regulations, guidelines, norms or orders issued by the Government on account of the Covid-19 pandemic, the stage carriages can be operated keeping the social distancing among the passengers in buses and carry passengers only not more than fifty percent of the seating capacity of the stage carriage. Therefore, after considering the necessity of keeping social distancing in the buses and as such the loss of income to the bus operators due to the lesser number of passengers that can be carried in the stage carriage, the Government have decided to exempt the tax payable under the Motor Vehicle Taxation Act, 1976 in respect of the stage carriages for the quarter commencing from the 1st day of April, 2020.

The notification is intended to achieve the above object.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2020

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/